No. CEE/5400/2018/LLM-2018/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## 2018–19–ലെ എൽ.എൽ.എം.കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ– അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നത്– സംബന്ധിച്ച്

**2019 മാർച്ച് 10 ഞായറാഴ്ച** നടത്തുന്ന **2018–19–ലെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള** ഓൺലൈൻ പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ 05.03.2019 മുതൽ പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. വെബ്സൈറ്റിലെ **'LLM 2018-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും കൃത്യമായി നൽകിയതിനുശേഷം **'Admit Card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്.

ഓൺലൈൻ അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് **'Memo'** ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. അത്തരം അപേക്ഷകർ ന്യൂനതകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ 08.03.2019 വൈകുന്നേരം 5 മണിക്കു മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. തപാൽ/ഇ–മെയിൽ ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്ന തിനായി സ്വീകരിക്കുന്നതല്ല.

തിരുവനന്തപുരം
04.03.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**